# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 854 — 08.03.2012-ൽ മറുപടിക്ക്

## മിനിമം വേജസ് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരും ഇതര ജീവനക്കാരും അഭിമുഖീകരിക്കുന്ന തൊഴിൽപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരും ഇതര ജീവനക്കാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ സ്വകാര്യ ആശുപത്രികളിൽ ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ 12/12/2011 മുതൽ സ്ക്വാഡ് പരിശോധന നടത്തി വരികയും പരിശോധന സമയത്ത് കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകാനും ആയത് നടപ്പിലാക്കിയില്ലെങ്കിൽ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മിനിമം വേജസ് എല്ലാ മേഖലകളിലും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) മിനിമം വേജസ് ആക്ടിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 73 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മേഖലകളിലും പരിശോധന നടത്തുമ്പോൾ മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു |

വരുത്തണമെന്നു അസിസ്റ്റൻറ് ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടങ്ങൾ പ്രകാരം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ